**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 17** **22-02-2022 - ൽ മറുപടിയ്ക്ക്**

**സിൽവർ ലൈൻ ഡി.പി.ആർ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സിൽവർ ലൈൻ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുവാൻ കരാർ നൽകിയ കമ്പനി സമർപ്പിച്ച ഡി.പി.ആർ., കെ-റെയിൽ അധികൃതർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സിസ്ട്ര സമർപ്പിച്ച സിൽവർലൈൻ പദ്ധതിയുടെ റിപ്പോർട്ട് കെ-റെയിൽ അധികൃതർ പരിശോധിച്ചിരുന്നു. തുടർന്ന് ഡി.പി.ആർ ബോർഡ് ഓഫ് ഡയറകടേഴ്സ് യോഗത്തിൽ സമർപ്പിക്കുകയും ബോർഡ് പരിശോധിച്ച് അംഗീകരിക്കുകയും ചെയ്തിരുന്നു. |
| (ബി) | ഡി.പി.ആർ. ന്റെ ഭാഗമായി ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് നൽകണം എന്ന് കരാറിൽ നിഷ്കർഷിക്കുന്നുണ്ടോ; എങ്കിൽ കേന്ദ്ര സർക്കാരിന് നൽകിയ ഡി.പി.ആർ. ന്റെ ഭാഗമായി ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് സമർപ്പിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | നിഷ്കർഷിക്കുന്നുണ്ട്. റെയിൽവേ ബോർഡ് നിഷ്കർഷിച്ച പ്രകാരമാണ് ഡി.പി.ആർ തയ്യാറാക്കിയിരിക്കുന്നത്. ആയതിനാൽതന്നെ സിൽവർലൈൻ പദ്ധതിയുടെ സാദ്ധ്യതാ പഠന റിപ്പോർട്ട് കെ-റെയിൽ തയ്യാറാക്കുകയും പ്രസ്തുത റിപ്പോർട്ട് കേരള സർക്കാർ അംഗീകരിക്കുകയും ചെയ്തിരുന്നു. തുടർന്ന് പ്രസ്തുത റിപ്പോർട്ട് റെയിൽവേ ബോർഡിനു സമർപ്പിക്കുകയും റെയിൽ മന്ത്രാലയം സിൽവർലൈൻ പദ്ധതിയുടെ പ്രീ ഇൻവെസ്റ്റ്മെന്റ് ആക്റ്റിവിറ്റീസ് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ ഏറ്റെടുത്തു നടത്തുന്നതിന് തത്വത്തിലുള്ള അംഗീകാരം നൽകുകയും ചെയ്തു. |
| (സി) | തിരുവനന്തപുരം മുതൽ കോട്ടയം വരെ നൂറ് കിലോമീറ്ററോളം അലൈൻമെന്റിന്റെ വിശദമായ ഡ്രോയിങ് മാത്രമാണോ ഡി.പി.ആർ. ന്റെ ഭാഗമായി സമർപ്പിച്ചത് എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ? | (സി) | 530 കിലോമീറ്ററിന്റെ വിവരങ്ങളും ഡി.പി.ആർ-ൽ ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ